ഡി.പി.ഇ.പി

108 (667) ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ആകെ എത്ര ജില്ലകളിൽ ഡി.പി.ഇ.പി. നടപ്പിലാക്കിയിട്ടുണ്ട് ; അവ ഏതെല്ലാം ;

(ബി) ഈ ജില്ലകളിൽ പുസ്തകമേളകൾ നടത്തിയത് ഏതു ഏജൻസിയായിരുന്നു ;

(സി) പുസ്തകമേളകളുടെ ലക്ഷ്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പുസ്തമേളകളിൽ ആവശ്യമില്ലാത്ത പുസ്തകങ്ങൾ വിറ്റഴിച്ചതായി വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇതിനുത്തരവാദികളായവരുടെ പേരിൽ നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) കേരളത്തിൽ ആകെ ആറു ജില്ലകളിലാണ് ഡി.പി.ഇ.പി. നടപ്പിലാക്കിയിട്ടുള്ളത്. കാസർഗോഡ്, വയനാട്, മലപ്പുറം, പാലക്കാട്, ഇടുക്കി, തിരുവനന്തപുരം എന്നിവയാണ് ഈ ആറു ജില്ലകൾ

(ബി) ഈ ജില്ലകളിൽ പുസ്തകമേളകൾ നടത്താനുള്ള വേദി ഒരുക്കി കൊടുത്തത് ഡി.പി.ഇ.പി. ആയിരുന്നു. എന്നാൽ പുസ്തകങ്ങൾ വിറ്റത് കുട്ടികൾക്കുള്ള പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്ന അതാത് സ്ഥാപനങ്ങൾ തന്നെയായിരുന്നു.

(സി) പ്രസ്തുത പുസ്തകമേളയുടെ ലക്ഷ്യം താഴെ പറയുന്നവയായിരുന്നു.

1. സ്കൂളുകൾക്ക് ഡി.പി.ഇ.പി. വിതരണം ചെയ്യുന്ന ലൈബ്രറി ഗ്രാന്റ് സമയബന്ധിതമായി ഉപയോഗപ്പെടുത്തുന്നു എന്ന് ഉറപ്പാക്കുക.
2. കേരളത്തിലെ വിവിധ പ്രസിദ്ധീകരണ ശാലകളുടെയും ഡൽഹിയിലെ നാഷണൽ ബുക്ക് ട്രസ്റ്റ് ഓഫ് ഇൻഡ്യയുടെയും കുട്ടികൾക്കുള്ള പ്രസിദ്ധീകരണങ്ങൾ വിവിധ പ്രോജക്ട് ജില്ലകളിലെ ഹെഡ്മാസ്റ്റർമാർക്ക് വാങ്ങാൻ വേണ്ടി ജില്ലകളിലെ സൗകര്യപ്രദമായ സ്ഥലങ്ങളിൽ ലഭ്യമാക്കുക.
3. മേൽപ്പറഞ്ഞ രണ്ടു പ്രവർത്തനങ്ങൾ വഴി പ്രോജക്ട് ജില്ലകളിൽ ഒന്നു മുതൽ നാലു വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് അവർക്ക് ആവശ്യമായ വായനാസാമഗ്രികൾ ലഭ്യമാക്കുക.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly